**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **06-12-2022 - ൽ മറുപടിയ്ക്ക്**

**മിനി ഫുഡ് പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മിനി ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) | 2022-23 സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനും അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം (പരമാവധി 10 ഏക്കർ) കണ്ടെത്തേണ്ടതായിട്ടുണ്ട്. സ്ഥലം കണ്ടെത്തിയാൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മിനി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത് |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനു അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് ഉൾപ്പടെയുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | 2022-23 സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനും അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം (പരമാവധി 10 ഏക്കർ) കണ്ടെത്തേണ്ടതായിട്ടുണ്ട്. സ്ഥലം കണ്ടെത്തിയാൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മിനി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത് |

സെക്ഷൻ ഓഫീസർ